**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3345** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഹൗസിംഗ് ബോർഡിൽ നിന്നും പ്രമാണം നഷ്ടപ്പെട്ടതായ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബാലരാമപുരം ഹൗസിംഗ്ബോർഡിൽ നിന്നും NTA/60/95 പ്രകാരം ലോൺ എടുത്ത വ്യക്തിയുടെ പ്രമാണം ബോർഡ് ഓഫീസിൽ നിന്നും നഷ്ടപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ബാലരാമപുരം ഹൗസിംഗ് ബോർഡിൽ നിന്നും NTA/60/95 പ്രകാരം ലോൺ എടുത്ത വ്യക്തിയുടെ പ്രമാണം ബോർഡ് ഓഫീസിൽ നിന്നും നഷ്ടപ്പെട്ട വിഷയത്തിൽ റിലീസ് ഡീഡ് നൽകി ബാദ്ധ്യത തീർത്തു പരാതി പരിഹരിക്കുകയും കൂടാതെ, സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും പ്രമാണത്തിന്റെ പകർപ്പ് എടുത്തു ഉപയോഗിക്കുവാൻ കഴിയുന്ന വിധത്തിലും പരിഹരിച്ചിട്ടുണ്ട്. |
| (ബി) | ഭവന വായ്പ അടച്ചു പൂർത്തീകരിച്ച എത്ര പേർക്കാണ് പ്രമാണം തിരികെ നൽകാൻ ഉള്ളത്; വിശദമാക്കാമോ; | (ബി) | ഭവന വായ്പ അടച്ച് തീർത്ത് റിലീസ് ഡീഡ് രജിസ്റ്റർ ചെയ്യുന്നതനുസരിച്ചാണ് എല്ലാപേർക്കും പ്രമാണം തിരികെ നൽകി വരുന്നത്. വായ്പാക്കാരൻ മരണപ്പെട്ട കേസുകളിൽ നിയമാനുസൃത അനന്തരാവകാശ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്ത കേസുകളിൽ പ്രമാണം തിരികെ നൽകാൻ സാധിക്കാത്തതായിട്ടുണ്ട്. പ്രമാണം തിരികെ നൽകാൻ ഉള്ളവരുടെ പട്ടിക ആനുബന്ധമായി ചേർക്കുന്നു. |
| (സി) | ഹൗസിംഗ് ബോർഡ് ഓഫീസിൽ നിന്നും പ്രമാണം നഷ്ടപ്പെട്ടവർക്കു പ്രമാണം തിരികെ നൽകാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ഹൗസിംഗ് ബോർഡ് ഓഫീസിൽ നിന്നും പ്രമാണം നഷ്ടപ്പെട്ടവർക്കു പ്രമാണം തിരികെ നൽകാൻ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും നഷ്ടപ്പെട്ട പ്രമാണത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എടുത്തു നൽകാറുണ്ട് . |
| (ഡി) | പ്രമാണം നഷ്ടപ്പെടുത്തിയതിന് ആരുടെ പേരിലാണ് നടപടി സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ? | (ഡി) | പ്രമാണം നഷ്ടപ്പെടുത്തിയതിന് ആയത് നഷ്ടപ്പെട്ട് പോകുവാനുള്ള സാഹചര്യം പരിശോധിച്ച ശേഷം മാത്രമേ നടപടി സ്വീകരിക്കുവാനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

| **ഓഫീസ്** | **എണ്ണം** |
|---|---|
| തിരുവനന്തപുരം | ഇല്ല |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | 149 |
| ആലപ്പുഴ | 137 |
| കോട്ടയം | 1150 |
| ഇടുക്കി | 3 |
| എറണാകുളം | 2 |
| തൃശ്ശൂർ | 48 |
| പാലക്കാട് | 42 |
| മലപ്പുറം | ഇല്ല |
| കോഴിക്കോട് | 36 |
| വയനാട് | 5 |
| കണ്ണൂർ | 15 |
| കാസർഗോഡ് | 13 |
| **ആകെ** | **1600** |